DESPATCHED On 3/12/2022

3/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No.291(5)/20/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 5134/SIC-G7/2020**

തീയതി : 30.12.2021

സന്നിഹിത

**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. തോമസ് ജോൺ പി.ജെ**
**സെക്രട്ടറി, ഡി.സി.മൈൽസ്റ്റോൺ ഓണേഴ്സ് അസ്സോസിയേഷൻ,**
**കടവന്ത്ര, എറണാകുളം – 682020.** } പരാതി ഹർജിക്കാരൻ

Vs

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ്-കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്,**
**ഗാന്ധിനഗർ, എറണാകുളം.** } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 20.02.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | NIL |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 12.05.2020 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 18.05.2020 |
| ഹിയറിംഗ് തീയതി | 16.09.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

കമ്മീഷൻ മുമ്പാകെ പരിഗണനയ്ക്ക് വന്ന ഈ പരാതി ഹർജി, ഓഡിയോ കോൺഫറൻസ് മുഖാന്തിരം ഹിയറിംഗ് നടത്തുന്നതിനായി ഫോൺ നമ്പർ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 13.08.2021 ൽ ഹിയറിംഗ് നോട്ടീസ് നൽകിയെങ്കിലും പരാതി ഹർജിക്കാരൻ ഫോൺ നമ്പർ ലഭ്യമാക്കിയില്ല. ആയതിനാൽ എസ്.പി.ഐ.ഒ യുടെ മൊഴിയും സമർപ്പിക്കപ്പെട്ട രേഖകളും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

2. കടവന്ത്ര ഡിഡി മൈൽസ്റ്റോൺ ബിൽഡിംഗിലെ കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ FL No.7004 ലൈസൻസ് ടി കെട്ടിടത്തിൽ എന്നുവരെ പ്രവർത്തിപ്പിക്കുവാനാണ് ഇപ്പോഴത്തെ തീരുമാനം എന്നതിന്റെ ശരിപകർപ്പ് ലഭ്യമാക്കുക. പ്രസ്തുത കെട്ടിടം നിലവിലെ വാടകകരാർ പ്രകാരം എന്നുമുതൽ എന്നുവരെ ഉള്ളതാണ് എന്നുള്ള വിവരം ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട് 4 ഇനവിവരങ്ങളായിരുന്നു ആവശ്യപ്പെട്ടിരുന്നത്.

3. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലും മൊഴിയിലും അറിയിക്കുന്നത്, ഹർജിക്കാരൻ 12.02.2020 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 11.04.2020 ൽ മറുപടി ലഭ്യമാക്കി എന്നാണ്.

4. പരാതി ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ പരാതിക്കാരന് നൽകിയതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. എന്നാൽ നിയമം അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ അല്ല ടിയാന് മറുപടി നൽകിയതായി കാണുന്നത്. എന്നാൽ പ്രസ്തുത മറുപടി പരാതിക്കാരന് ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 10 ദിവസത്തിനുള്ളിൽ 24.03.2020 തീയതി രേഖപ്പെടുത്തി 11.04.2020 ൽ അയച്ചു നൽകിയ മറുപടി കത്തും അനുബന്ധ രേഖകളും ഒരിക്കൽ കൂടി സൗജന്യമായി രജിസ്റ്റേർഡ് തപാലിൽ ഹർജിക്കാരന് അയച്ചു നൽകാൻ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ഫിനാൻസ് എക്സ്പേർട്ട്

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM